STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.98/PR/SPMC/PHQ/2022 Date:24.05.2022

**തീരദേശ പോലീസ് സംവിധാനം പഠിക്കാൻ ഒഡീഷ സംഘം കൊച്ചിയിൽ**

കേരളത്തിലെ കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾ പഠിക്കാൻ ഒഡീഷയിൽ നിന്നുള്ള ഉന്നതതലസംഘം കൊച്ചിയിലെത്തി. ഒഡീഷ തീരദേശ പോലീസ് വിഭാഗം എ.ഡി.ജി.പി സുധാംശു സാരംഗിന്റെ നേതൃത്വത്തിലുള്ള സംഘം കൊച്ചിയിൽ തീരദേശ പോലീസ് ആസ്ഥാനത്ത് ഐ.ജി പി.വിജയനെ സന്ദർശിച്ചു. ഒഡീഷയിലെ കോസ്റ്റ് ഗാർഡ് മേധാവി കമാണ്ടർ അമിത് കെ.ആർ ശ്രീവാസ്തവ, ഫിഷറീസ് ഡയറക്ടർ എസ്.ആർ പ്രധാൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

കേരളത്തിലെ കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾ ഐ.ജി പി.വിജയൻ സംഘത്തിന് വിശദീകരിച്ചുനൽകി. തുടർന്ന് കോസ്റ്റ് ഗാർഡ്, നേവി, സ്പെഷ്യൽ ബ്രാഞ്ച്, ഇന്റെലിജൻസ് ബ്യൂറോ എന്നിവയുമായി ചേർന്ന് നടത്തിയ സംയുക്തയോഗത്തിൽ തീരദേശപോലീസിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. വിവിധ ജില്ലകളിലെ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മനസ്സിലാക്കാനായി സ്റ്റേഷൻ ഹൗസ് ഓഫീസറുമായി ഓൺലൈനിൽ ആശയവിനിമയം നടത്തി.

കടലോരമേഖലയെ 523 ബീറ്റ് ഓഫീസർമാരുടെ നേതൃത്വത്തിലാക്കി തിരിച്ച ബ്ലൂ ബീറ്റ് സംവിധാനം, കടലോരജാഗ്രതാ സമിതി, ഹാർബർ സുരക്ഷാസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ സംഘം മനസ്സിലാക്കി.

കേരളത്തിലെ തീരദേശപോലീസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളിലും നേട്ടങ്ങളിലും ഒഡീഷ സംഘം സംതൃപ്തി രേഖപ്പെടുത്തി. കടലിൽ ഉണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും തീരദേശ പോലീസ് വഹിക്കുന്ന പങ്കിനെ സംഘം പ്രശംസിച്ചു. ഈ മേഖലയിൽ കേരളത്തിലെ മാതൃക അനുകരണീയമാണെന്നും ഇതിനെ അടിസ്ഥാനമാക്കി പഠിച്ച് ഒഡീഷ സർക്കാറിന് റിപ്പോർട്ട് നൽകുമെന്നും എ.ഡി.ജി.പി സുധാംശു സാരംഗി പറഞ്ഞു.

ഫോട്ടോ ക്യാപ്ഷൻ:- തീരദേശ പോലീസിന്റെ പ്രവർത്തനങ്ങൾ പഠിക്കാനെത്തിയ ഒഡീഷ സംഘം കോസ്റ്റൽ പോലീസ് ഐ.ജി പി. വിജയനോടൊപ്പം.

**********************